# മതബോധനഗ്രന്ഥത്തിന്റെ ഉള്ളടക്കം

"പിതാവേ .... ഏകസത്യദൈവമായ അങ്ങയെയും അങ്ങ് അയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നതാണു നിത്യജീവൻ" (യോഹ 17: 3) എന്ന സുവിശേഷ വാക്യം ഉദ്ധരിച്ചുകൊണ്ടാണ് മതബോധനഗ്രന്ഥത്തിന്റെ ആമുഖം ആരംഭിക്കുന്നത്. തുടർന്ന് ഒന്നു മുതൽ 25 വരെയുള്ള നമ്പരുകൾ ആമുഖവിവരണമായിട്ടാണ് നല്കിയിരിക്കുന്നത്. സഭയുടെ വിശ്വാസപരിശീലനപ്രക്രിയ, ഇതിന്റെ ലക്ഷ്യം, മതബോധനഗ്രന്ഥത്തിന്റെ ഘടന, ഈ ഗ്രന്ഥത്തിന്റെ ഉപയോഗം സംബന്ധിച്ച ചില പ്രായോഗിക നിർദ്ദേശങ്ങൾ, പുസ്തകത്തിന്റെ ഉപയോഗത്തിൽ ആവശ്യമായിരിക്കുന്ന അനുരൂപണങ്ങൾ ഇവയെല്ലാം ആമുഖത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

26 മുതൽ 1065 വതെയുള്ള ഒന്നാംഭാഗം വിശ്വാസപ്രമാണത്തെക്കുറിച്ചുള്ളതാണ്. ഞാൻ വിശ്വസിക്കുന്നു; ഞങ്ങൾ വിശ്വസിക്കുന്നു; ക്രൈസ്തവവിശ്വാസ പ്രഖ്യാപനം- എന്നിങ്ങനെ രണ്ടു ഉപവിഭാഗങ്ങളായി ഒന്നാംഭാഗം തിരിക്കപ്പെട്ടിരിക്കുന്നു. മതബോധനഗ്രന്ഥത്തിന്റെ 39 ശതമാനം വരുന്ന ഈ ഒന്നാംഭാഗം ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാന തത്വങ്ങളെക്കുറിച്ചും ശ്ലീഹൻമാരുടെ വിശ്വാസപ്രമാണത്തിന്റെ വ്യാഖ്യാനവുമാണ് നല്കുന്നത്. ഇങ്ങനെ വിശ്വാസപ്രമാണത്തിലൂടെ ഏറ്റുപറയുന്നതും ആരാധനാക്രമത്തിലൂടെ ആഘോഷിക്കുന്നതും കൽപനകളുടെ അനുഷ്ഠാനത്തിലൂടെ ജീവിക്കുന്നതും പ്രാർത്ഥിക്കുന്നതുമായ വിശ്വാസസത്യങ്ങളെക്കുറിച്ചുള്ള ഔദ്യോഗികപ്രബോധനമാണ് മതബോധനഗ്രന്ഥത്തിന്റെ ഒന്നാംഭാഗം നല്കുന്നത്.

മതബോധനഗ്രന്ഥത്തിന്റെ 23 ശതമാനം ഉൾക്കൊള്ളുന്ന രണ്ടാംഭാഗത്തിൽ 1066 മുതൽ 1690 വരെയുള്ള നമ്പറുകളാണ് പ്രദിപാദിച്ചിരിക്കുക. "യേശുക്രിസ്തുവിലൂടെയും പരിശുദ്ധാത്മാവിലൂടെയും ഒരിക്കൽ എന്നേക്കുമായി പൂർത്തീകരിക്കപ്പെട്ട ദൈവികരക്ഷാകർമ്മം സഭയുടെ ആരാധനക്രമത്തിന്റെ പാവനകർമ്മങ്ങളിൽ (ഖണ്ഡം ഒന്ന്), പ്രത്യേകമായും ഏഴുകൂദാശകളിൽ (ഖണ്ഡം രണ്ട്) സന്നിഹിതമാകുന്നത് എങ്ങനെ എന്നതാണ് ഈ മതബോധനഗ്രന്ഥത്തിന്റെ രണ്ടാംഭാഗത്തിന്റെ പ്രതിപാദ്യം" (CCC 15).

1691 മുതൽ 2557 വരെയുള്ള നമ്പറുകളിലായി മതബോധനഗ്രന്ഥത്തിന്റെ 27 ശതമാനം മൂന്നാം ഭാഗത്തിൽ ഉൾക്കൊള്ളുന്നു. "ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ പരമാന്ത്യത്തെക്കുറിച്ചുള്ള പ്രതിപാദനമാണ് ഈ ഗ്രന്ഥത്തിന്റെ മൂന്നാം ഭാഗം: സ്വർഗസൗഭാഗ്യവും അതു പ്രാപിക്കാനുള്ള മാർഗങ്ങളും ഇവിടെ

പ്രതിപാദിക്കപ്പെടുന്നു. ദൈവികനിയ മത്തിന്റെയും കൃപാവരത്തിന്റെയും (ഖണ്ഡം ഒന്ന്) സഹായത്തോടെ, സ്വതന്ത്രമായി തിരഞ്ഞെടുക്കുന്ന ഉത്തമജീവിതശൈലിയും പത്തുദൈവകൽപനകളിൽ (ഖണ്ഡം രണ്ട്) വ്യക്തമാക്കപ്പെട്ടിട്ടുള്ള സ്നേഹകൽപനയുടെ ദ്വിവിധമാനങ്ങൾ സഫലമാക്കുന്ന പ്രവർത്തനശൈലിയുമാണു പ്രസ്തുതമാർഗങ്ങൾ" (CCC 16).

"വിശ്വാസികളുടെ ജീവിതത്തിൽ പ്രാർഥനയുടെ അർഥവും പ്രാധാന്യവുമാണ് ഈ മതബോധനഗ്രന്ഥത്തിന്റെ അവസാനഭാഗത്തിലെ പ്രതിപാദ്യം (ഖണ്ഡം ഒന്ന്). ഈ ഭാഗം സമാപിക്കുന്നത്, കർത്തൃപ്രാർഥനയിലെ സപ്തയാചനകളെക്കുറിച്ചുള്ള ലഘുവ്യാഖ്യാനത്തോടെയാണ് (ഖണ്ഡം രണ്ട്); ഇതിനു കാരണവുമുണ്ട്. ഈ യാചനകൾ വാസ്തവത്തിൽ, നമ്മൾ പ്രത്യാശവയ്ക്കേണ്ട എല്ലാ നൻമകളുടെയും സമാഹാരമാണ്; നമ്മുടെ സ്വർഗീയപിതാവു നമുക്കു നൽകുവാൻ ഇഷ്ടപ്പെടുന്ന ഈ നൻമകളുടെ സമാഹാരമാണു കർത്തൃപ്രാർത്ഥനയിലെ സ്പതയാചനകൾ" (CCC 17). 2558 മുതൽ 2865 വരെയുള്ള നമ്പറുകളിലായി മതബോധനഗ്രന്ഥത്തിന്റെ 11 ശതമാനം നാലാം ഭാഗത്തിലും ഉൾപ്പെടുന്നു.

ഒരു മതബോധനഗ്രന്ഥത്തിന്റെ ഉള്ളടക്കം എപ്രകാരമായിരിക്കണം എന്നു ജോൺ പോൾ രണ്ടാമൻ മാർപാപ്പ *വിശ്വാസനിക്ഷേപം* എന്ന അപ്പസ്തോലിക അനുശാസനത്തിൽ വ്യക്തമാക്കുന്നു, "ഒരു മതബോധനഗ്രന്ഥം വിശ്വസ്തമായും ക്രമീകൃതമായും വിശുദ്ധലിഖിതങ്ങളിലെയും സഭയിലെ സജീവപാരമ്പര്യത്തിലെയും ഔദ്യോഗിക പ്രബോധനത്തെയും അതുപോലെതന്നെ സഭാപിതാക്കൻമാരിൽനിന്നും വേദപണ്ഡിതരിൽനിന്നും വിശുദ്ധന്മാരിൽനിന്നും വിശുദ്ധകളിൽനിന്നും ലഭിച്ചിട്ടുള്ള ആധ്യാത്മിക പൈതൃകത്തെയും അവതരിപ്പിക്കുന്നതാകണം. ഇത് ക്രിസ്തീയരഹസ്യങ്ങളെക്കുറിച്ചുള്ള അറിവു വളർത്തുന്നതിനും ദൈവജനത്തിന്റെ വിശ്വാസം സജീവമാക്കുന്നതിനും ഹേതുവാകണം. പരിശുദ്ധാത്മാവ് നൂറ്റാണ്ടുകളിലൂടെ തന്റെ സഭയ്ക്കു വെളിപ്പെടുത്തിയിട്ടുള്ള വിശ്വാസസത്യപ്രഖ്യാപനങ്ങൾ മതബോധനഗ്രന്ഥം യഥാവിധി കണക്കിലെടുക്കേണ്ടതുണ്ട്. മുൻകാലങ്ങളിൽ ഇല്ലാതിരുന്നവയും ആധുനിക കാലത്തിന്റെ പ്രത്യേകതകളുമായ ജീവിതസാഹചര്യങ്ങളെയും പ്രശ്നങ്ങളെയും വിശ്വാസവെളിച്ചത്താൽ പ്രകാശിപ്പിക്കാൻ സഹായിക്കുന്നതുമായിരിക്കണം മതബോധനഗ്രന്ഥം" (വിശ്വാസനിക്ഷേപം– ജോൺ പോൾ രണ്ടാമൻ മാർപാപ്പ). ഇങ്ങനെ വിവിധ തലങ്ങളിൽനിന്നു നല്കപ്പെട്ട സുവ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുടെയും പരിചിന്തനങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ടതാണ് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം.

ബെനഡിക്ട് പതിനാറാമൻ മാർപാപ്പ *കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥ*ത്തെക്കുറിച്ച് *വിശ്വാസത്തിന്റെ വാതിൽ* എന്ന അപ്പസ്തോലിക ലേഖനത്തിൽ വിവരിക്കുക വിശ്വാസത്തിന്റെ മൗലിക ഉള്ളടക്കത്തിന്റ ക്രമീകൃതവും നൈസർഗികവുമായ സംഗ്രഹം *കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥ*ത്തിൽ കണ്ടെത്തുവാൻ കഴിയും എന്നാണ്. ഇതിൽ "സഭ അവളുടെ രണ്ടായിരം വർഷത്തെ ചരിത്രത്തിൽ സ്വീകരിച്ചതും സംരക്ഷിച്ചതും മുന്നോട്ടുവച്ചതുമായ പ്രബോധനത്തിന്റെ സമ്പത്ത്, യഥാർത്ഥത്തിൽ നാം കാണുന്നു. വിശുദ്ധഗ്രന്ഥം മുതൽ സഭാപിതാക്കന്മാർവരെ, നൂറ്റാണ്ടുകളിലെ ദൈവശാസ്ത്ര ഗുരുക്കന്മാർമുതൽ വിശുദ്ധർവരെ, സഭ വിശ്വാസത്തിന്മേൽ ധ്യാനിക്കുകയും വിശ്വാസസംഹിതയിൽ പുരോഗമിക്കുകയും ചെയ്ത നിരവധി പാതകളുടെ സ്ഥിരമായ ഒരു രേഖ, വിശ്വാസികൾക്കു വിശ്വാസജീവിതത്തിൽ ഉറപ്പുലഭിക്കാനായി *മതബോധനഗ്രന്ഥം* നല്കുന്നു" (*വിശ്വാസത്തിന്റെ വാതിൽ* 11).